നി.കെ.ഭൂമി, എനിമീസ് പ്രോപ്പർട്ടി എന്നീ ഇനത്തിലുള്ള ഭൂമി

107(2985) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നെടിയിരുപ്പ് വില്ലേജിൽ നി.കെ.ഭൂമി, എനിമീസ് പ്രോപ്പർട്ടി എന്നീ ഇനത്തിൽ എത്ര ഭൂമിയുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) ഇവിടങ്ങളിൽ എന്തെങ്കിലും ഖനന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധന നടത്തുമോ?

ഉത്തരം

(എ) നി.കെ. ഭൂമിയിനത്തിൽ നെടിയിരുപ്പ് വില്ലേജിൽ ബ്ലോക്ക് 36-ൽ 1.4920 ഹെക്ടറും, ബ്ലോക്ക് 35-ൽ 0.2360 ഹെക്ടർ ഭൂമിയും ഉണ്ട്. എനിമി പ്രോപ്പർട്ടി ഇനത്തിൽ ബ്ലോക്ക് 35-ൽ സർവ്വേ നമ്പർ 273/6-ൽപ്പെട്ട 0.2680 ഹെക്ടർ ഭൂമിയും, പഴയ സർവ്വേ നമ്പർ 46/1, 259/4pt, 245/7, 232/5, 247/2pt, 245/1 എന്നിവയിലെ 8.18 ഏക്കറിൽ 1/9 ഷെയറും ഉണ്ട്.

(ബി) ഖനന പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓൾ കേരളാ ലാന്റ് സർവ്വേയേഴ്സ് അസോസിയേഷൻ

108(2987) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൾ കേരളാ ലാന്റ് സർവ്വേയേഴ്സ് അസോസിയേഷൻ എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവരുടെ നിവേദനത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആവശ്യങ്ങളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. സ്വകാര്യ സർവ്വേയർമാർക്ക് ലൈസൻസ് അനുവദിക്കുക.

2. ആധാരത്തോടൊപ്പം സ്കെച്ച് വച്ചുകൊണ്ടുള്ള രജിസ്ട്രേഷൻ നടപ്പിലാക്കുക

LIBRARY ARCHIVES Kerala Legislative Assembly